പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 353

26.6.2012 ൽ
മറുപടിയ്ക്ക്

ഐ. ടി. കോറിഡോർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി ;<br>ശ്രീ. ഇ. പി. ജയരാജൻ ;<br>ശ്രീ. ബി. സത്യൻ ;<br>ശ്രീമതി കെ.എസ്. സലീഖ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഐ. ടി. കോറിഡോർ പദ്ധതിയുടെ വിശദാംശവും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ; | എ) തിരുവനന്തപുരത്ത് കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ബൈപാസാണ് ഐ.ടി. കോറിഡോറായി നിശ്ചയിച്ചിരിക്കുന്നത്. ടെക്നോപാർക്ക് ഒന്നാംഘട്ടത്തിലെ 265 കമ്പനികൾ, ടെക്നോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുന്ന ഇൻഫോസിസിന്റെ കാമ്പസ്, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്ന UST Global campus ; ടെക്നോപാർക്കിന്റെ Phase III യിലുള്ള പത്ത് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഗ്രീൻ ബിൽഡിംഗ് പദവി ലഭിച്ച ഐ.ടി. കെട്ടിട സമുച്ചയം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെട്ടതാണ്. ടെക്നോപാർക്ക് Phase III ൽ HCL Infosystems ഉൾപ്പെടെ 7 കമ്പനികൾ ഐ.ടി. വ്യവസായത്തിനായി സ്ഥലം എടുത്തിട്ടുണ്ട്. കൂടാതെ ടെക്നോപാർക്കിന്റെ മറ്റൊരു പദ്ധതിയായ ടെക്നോസിറ്റി, അതിലെ 82 ഏക്കറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന TCS ന്റെ Global training centre, 50 ഏക്കറിൽ ഇൻഫോസിസ് സ്ഥാപിക്കുന്ന അവരുടെ രണ്ടാമത്തെ SEZ campus, IIITM-K യുടെ 10 ഏക്കറിലുള്ള പുതിയ Campus, Asian School of Business campus തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാനാണ് |

ഉദ്ദേശിക്കുന്നത്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായങ്ങൾ, Apartments, Hotels, Educational Institutions, Shopping Malls, Tourism projects, Railway station, Bus stand, International Airport തുടങ്ങി കഴക്കൂട്ടം മുതൽ കോവളം വരെയുള്ള [illegible] സ്ഥലങ്ങളും അതോടനുബന്ധിച്ചുള്ള വ്യവസായ വികസന പദ്ധതികളും കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

| | | | |
|---|---|---|---|
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പുതിയ സ്കീമുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻഫോസിസിന്റെ രണ്ടാമത്തെ SEZ campus സ്ഥാപിക്കുന്നതിന് വേണ്ടി ടെക്നോസിറ്റിയിൽ 50 ഏക്കർ ഭൂമി 90 വർഷത്തേയ്ക്ക് പാട്ടത്തിന് നല്കിയിട്ടുണ്ട്. കൂടാതെ 10 ഏക്കർ സ്ഥലം സൺടെക്കിനും 15 ഏക്കർ സ്ഥലം കൂടുതലായി TCS നും നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഐ. ടി. വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ച് വേളിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺവെൻഷൻ കോംപ്ളക്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ; | സി) | ആക്കുളത്ത് ഐ.ടി. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 46.4 ഏക്കർ പ്രദേശത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര കൺവെൻഷൻ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ടൂറിസം വകുപ്പ് ഉടക്കമിട്ട ഈ പദ്ധതി ഐ. ടി. വകുപ്പിന് കീഴിലാക്കാനുള്ള കാരണം വ്യക്തമാക്കാമോ? | ഡി) | ടൂറിസം വകുപ്പ് ഉടക്കമിട്ട ഈ പദ്ധതി ഐ.ടി. വകുപ്പിന്റെ കീഴിലാക്കിയിട്ടില്ല. |

Rahul. K. Dairam

സെക്ഷൻ ഓഫീസർ